"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പനമണ്ണ അനങ്ങനടി എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി. എ. നാഷിദയുടെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1174/2026/GEDN തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. G.O.(MS) No. 29/2023/GEDN Dated-20.04.2023
2. പാലക്കാട് പനമണ്ണ അനങ്ങനടി എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി. എ. നാഷിദ സർക്കാരിൽ സമർപ്പിച്ച 31.01.2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25-04-2025 തീയതിയിലെ DDEPKD/1524/2025-B5 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOOTP/584/2025-B1 നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09-05-2025 തീയതിയിലെ DGE/8852/2025-EM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് പനമണ്ണ അനങ്ങനടി എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി. എ. നാഷിദ 31.01.2025 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 30.04.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ഹർജിക്കാരിയുടെ യു.പി.എസ്.ടി. നിയമനം 01.06.2023 മുതൽ 30.09.2023 വരെ ദിവസവേതനാടിസ്ഥാനത്തിലും 01.10.2023 മുതൽ ശമ്പള സ്കെയിലിലും 43 അവകാശി എന്ന നിലയിൽ ഹർജിക്കാരിയുടെ എച്ച്.എസ്.ടി. (മാത്സ്) നിയമനം 03.06.2024 തീയതി മുതൽ ശമ്പള സ്കെയിലിലും അനുവദിച്ച് ഉത്തരവാകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. ഹർജിക്കാരിയുടെ വാദങ്ങൾ ഇപ്രകാരമാണ് :

(i) ടി സ്കൂളിൽ ശ്രീമതി കെ.കെ.രേഷ്മയുടെ സ്ഥാനക്കയറ്റ ഒഴിവിൽ ഹർജിക്കാരിയെ 10.06.2022 മുതൽ യു.പി.എസ്.ടി. ആയി നിയമിക്കുകയും 14.12.2022-ൽ യു.പി.എസ്.ടി. തസ്തികയിൽ ഭിന്നശേഷി അധ്യാപകനെ നിയമിച്ചതിനാൽ ഹർജിക്കാരിയുടെ നിയമനം 10.06.2022 മുതൽ 13.12.2022 വരെ പരിമിതപ്പെടുത്തി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകുകയും

ചെയ്തു.

(ii) പിന്നീട്, ടിയാളെ 01.06.2023 മുതൽ യു.പി.എസ്.ടി. അധിക തസ്തികയിൽ നിയമിച്ചെങ്കിലും നിയമനാംഗീകാരം നൽകിയിട്ടില്ല.

(iii) തുടർന്ന്, ശ്രീമതി വിനിത എച്ച്.എസ്.ടി.(കണക്ക്) 31.03.2024-ൽ വിരമിച്ച റഗുലർ ഒഴിവിൽ ഹർജിക്കാരിയെ 03.06.2024-ൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചെങ്കിലും ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

(iv) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്താകുന്ന ജീവനക്കാർക്ക് അതത് മാനേജ്മെന്റുകളിൽ തുടർന്നു വരുന്ന ഒഴിവുകളിൽ നിയമനത്തിന് മുൻഗണന നൽകേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022-ലെ H2/295299/2021/DGE നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

(v) താൽക്കാലിക നിയമനാംഗീകാരം ലഭിക്കുന്ന ആൾ ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനത്തെ തുടർന്ന് പുറത്താകുമ്പോൾ, ടി സ്കൂളിൽ/ മാനേജ് മെന്റിൽ തുടർന്നുവരുന്ന ഒഴിവിൽ പുനർനിയമനത്തിന് കെ.ഇ.ആർ. അധ്യായം 14എ ചട്ടം 51എ-യ്ക്ക് തുല്യമായ അവകാശം ഉണ്ടായിരിക്കുമെന്നും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലകളിൽ ചട്ടം 51എ അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ചട്ടം 51എ-യ്ക്ക് തുല്യമായ മുൻഗണന നൽകാവുന്നതാണെന്നും പരാമർശം (1) പ്രതിപാദിച്ചിട്ടുണ്ട്.

(vi) മേൽപ്പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, 51എ അവകാശി എന്ന നിലയിൽ ഹർജിക്കാരി 01.06.2023 മുതലുള്ള യു.പി.എസ്.ടി. നിയമനം 30.09.2023 വരെ ദിവസവേതനാടിസ്ഥാനത്തിലും 01.10.2023 മുതൽ ശമ്പള സ്കെയിലിലും, 01.06.2024 മുതൽ എച്ച്.എസ്.ടി. (കണക്ക്) ആയി ശമ്പള സ്കെയിലിലും അംഗീകരിക്കണമെന്ന് ഹർജിക്കാരി അഭ്യർത്ഥിക്കുന്നു

3. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി നാഷിദയ്ക്ക് 10.06.2022 മുതൽ 13.12.2022 വരെ യു.പി.എസ്.ടി. ആയി വിരമിക്കൽ ഒഴിവിൽ ദിവസവേതനത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 01.06.2023 മുതലുള്ള അധിക യുപിഎസ്ടി തസ്തികയിലെ നിയമനത്തിന് അംഗീകാരമോ ശമ്പളമോ നൽകിയിട്ടില്ല. ടിയാൾക്ക് 03.06.2024 മുതൽ എച്ച്.എസ്.ടി.(മാത്സ്) വിരമിക്കൽ ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ, നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ടിയാൾക്ക് യു.പി.എസ്.ടി അധിക തസ്തികയിൽ 01.06.2023 മുതൽ 30.09.2023 വരെ ദിവസവേതനവും 01.10.2023 മുതൽ ശമ്പള സ്കെയിലും അനുവദിക്കണമെന്നും, 43 അവകാശി എന്ന നിലയിൽ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ 03.06.2024 മുതൽ ശമ്പളസ്കെയിലിൽ അംഗീകാരം നൽകണമെന്നുമാണ് ഹർജിക്കാരി ആവശ്യപ്പെടുന്നത്.

3. ഹർജിക്കാരിയുടെ നിയമനം 10.06.2022 മുതൽ 13.12.2022 വരെ യു.പി.എസ്.ടി തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും, 13.12.2022 മുതൽ ഭിന്നശേഷി നിയമനം നടത്തിയതിനാൽ ടിയാൾക്ക് തസ്തിക നഷ്ടപ്പെട്ടുവെന്നും, ടിയാൾ 51എ അവകാശി അല്ലാത്തതിനാൽ 03.06.2024 മുതലുള്ള ടിയാളുടെ എച്ച്.എസ്.ടി.(കണക്ക്) തസ്തികയിലെ നിയമനം, സെക്കൻഡറി വിഭാഗത്തിൽ ഭിന്നശേഷി നിയമനം നടത്തുകയോ തസ്തിക വിട്ടു നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചത് ക്രമപ്രകാരമാണെന്നും, ടി എച്ച്.എസ്.ടി (ഗണിതം) തസ്തിക ഭിന്നശേഷി

നിയമനത്തിനായി വിട്ടുനൽകിക്കൊണ്ട് മാനേജർ 13.03.2025-ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് റിക്വിസിഷൻ സമർപ്പിച്ചിരുന്നുവെന്നും, ന്യൂനതകൾ പരിഹരിച്ച് പുന:സമർപ്പിക്കുന്നതിന് അത് മാനേജർക്ക് തിരികെ നൽകിയിട്ടുണ്ടെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

ശ്രീമതി.നാഷിദ.എ - യെ പാലക്കാട് പനമണ്ണ അനങ്ങനടി എച്ച്.എസ്.എസ് - ലെ യു.പി.എസ്.റ്റി ശ്രീമതി രേഷ്മ കെ.കെ - യുടെ എച്ച്.എസ്.റ്റി മാത്തമാറ്റിക്സ് സ്ഥാനക്കയറ്റ ഒഴിവിൽ 10.06.2022 മുതൽ മാനേജർ നിയമിയ്ക്കുകയും ടി സ്കൂളിൽ ഭിന്നശേഷി സംവരണം പാലിയ്ക്കുന്നതുമായി ബന്ധപ്പെട്ട് യു.പി.എസ്.റ്റി കാറ്റഗറിയിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചത് വഴി 13.12.2022 തിയതിയിൽ ശ്രീമതി.നാഷിദ.എ - യുടെ തസ്തിക നഷ്ടപ്പെടുകയും ചെയ്തിരുന്നു. ടിയാൾ ആകെ ജോലി ചെയ്ത കാലയളവ് 6 മാസമാണ്. 51എ ചട്ടത്തിന്റെ ഭേദഗതി പ്രകാരം 1 അക്കാദമിക് വർഷം സേവനകാലം ഉള്ളവർക്ക് മാത്രമാണ് 51 എ അവകാശം ലഭ്യമാകുന്നത്. ആയതിനാൽ 2023-24 അധ്യായന വർഷത്തിലുണ്ടായ ഭിന്നശേഷി നിയമപ്രകാരം 08.11.2021 ന് ശേഷം ഉണ്ടായ ഒഴിവുകളിലെ നിയമനം ദിവസ വേതനാടിസ്ഥാനത്തിലാണ് നടത്തേണ്ടത് എന്നതിനാൽ ശ്രീമതി.നാഷിദ.എ - യെ 03.06.2024 മുതൽ എച്ച്.എസ്.റ്റി മാത്തമാറ്റിക്സ് തസ്തികയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചത് ക്രമപ്രകാരമാണ്.

മേൽ സാഹചര്യത്തിൽ 2023-24 അധ്യായന വർഷത്തിലുണ്ടായ യു.പി.എസ്.റ്റി അധിക തസ്തികയിലെ 01.06.2023 മുതലുള്ള നിയമന ഒഴിവ് സ്പഷ്ടവും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്രകാരം പാലക്കാട് പനമണ്ണ അനങ്ങനടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. (മാത്സ്) ശ്രീമതി. എ. നാഷിദ 31.01.2025 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, അനങ്ങനടി എച്ച്.എസ്.എസ്, പനമണ്ണ,പാലക്കാട്
ശ്രീമതി. എ. നാഷിദ,എച്ച്.എസ്.ടി (മാത്സ്), അനങ്ങനടി എച്ച്.എസ്.എസ്, പനമണ്ണ,പാലക്കാട്
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 10-02-2026 11:22:12
സെക്ഷൻ ഓഫീസർ